13479
17/12/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവനപദ്ധതി - മാതൃകാ അങ്കണവാടികളിൽ ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.730/2014/സാനീവ തീയതി, തിരുവനന്തപുരം 10.12 .2014

---

പരാമർശം: (1) 18.11.2014 -ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS A1-22745/14 നമ്പർ കത്ത്.
(2) 18.11.2014 -ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

## ഉത്തരവ്

ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി എന്ന പദ്ധതി പ്രകാരം 10 സെന്റ് സ്ഥലം ലഭ്യമായതും ബന്ധപ്പെട്ട എം.എൽ.എ ശുപാർശ ചെയ്തതുമായ 100 അങ്കണവാടികൾ മാതൃകാ അങ്കണവാടികളായി ഉയർത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളതിൽ 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും, നിർമ്മാണം പൂർത്തിയായ മാതൃകാ അങ്കണവാടി കെട്ടിടത്തിൽ വൃദ്ധരായവർക്ക് ഒത്തുകൂടുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് ഫർണിച്ചറുകൾ, ടിവി, വാട്ടർപ്യൂരിഫയർ, വാട്ടർ ഹീറ്റർ, ബുക്കുകൾ തുടങ്ങിയവ വാങ്ങി നൽകുന്നത് ഉചിതമാകുമെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അതിനായി 2235-02-102-56(P) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച 1,57,30,200/- രൂപ കഴിച്ച് 21 മോഡൽ അങ്കണവാടികൾക്ക് 2 ലക്ഷം രൂപ ക്രമത്തിൽ 42 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) 18.11.14 - ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ അംഗീകരിക്കുകയും, ടി ഉപകരണങ്ങൾ സ്റ്റോർ പർച്ചേയ്സ് ചട്ട പ്രകാരം വാങ്ങുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൃദ്ധരായവർക്ക് ഒത്തുകൂടുന്നതിലേയ്ക്കായി മാതൃകാ അങ്കണവാടിയ്ക്ക് ആവശ്യമായ ഫർണിച്ചർ, വാട്ടർപ്യൂരിഫയർ, ബുക്കുകൾ, ഷെൽഫ്, ടിവി, ഫാൻ തുടങ്ങിയ ഉപകരണങ്ങൾ സ്റ്റോർ പർച്ചേയ്സ്

വകുപ്പിന്റെ ചട്ടം അനുസരിച്ച് വാങ്ങുന്നതിന് ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ ക്രമത്തിൽ 21 അങ്കണവാടികൾക്ക് 42 ലക്ഷം രൂപ (നാല്പ്പത്തി രണ്ട് ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ '2235-02-102-56(P)' എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**കെ.എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**